# ജില്ലാ പോലീസ് മേധാവിയുടെ നടപടി ക്രമം.

സാന്നിദ്ധ്യം : എസ്. കാളിരാജ് മഹേഷ് കുമാർ. ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി, കോഴിക്കോട് സിറ്റി.

വിഷയം : കേരളാ പോലീസ് ആക്റ്റ് 78, 79 വകുപ്പുകൾ പ്രകാരം നിരോധനാജ്ഞ ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന : ജില്ലാ സ്പെഷൽ ബ്രാഞ്ച് അസി. പോലീസ് കമ്മീഷണറുടെ റിപ്പോർട്ട്.

ഉത്തരവ് നം. 529/എസ്.ബി./18-സി.സി. തിയ്യതി 18.04.2018

ജമ്മു കാശ്മീരിൽ കഡുവ എന്ന സ്ഥലത്ത് എട്ടുവയസ്സ് പ്രായമുള്ള പെൺകുട്ടിയെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ച് സോഷ്യൽ മീഡിയാ കൂട്ടായ്മ ആഹ്വാനം ചെയ്ത് 16.04.2018 തിയ്യതി സംസ്ഥാന വ്യാപകമായി നടന്ന ഹർത്താലിനോടനുബന്ധിച്ച് കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽപ്പെട്ട പല സ്ഥലങ്ങളിലും വ്യാപകമായ അക്രമങ്ങളും, പൗരാവകാശ ധ്വംസനങ്ങളും നടന്നതായും ഇതോടനുബന്ധിച്ചുള്ള പ്രകടനങ്ങൾ തുടർന്ന് വരുന്നതായും ആയത് തുടരുന്നത് സിറ്റിയിലെ സാമുദായിക സമാധാനം തകർക്കുന്നതിനും തുടർന്ന് സംഘർഷങ്ങൾക്കും കാരണമാകുമെന്ന് ജില്ലാ സ്പെഷൽബ്രാഞ്ച് റിപ്പോർട്ട് ചെയ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ ക്രമസമാധാനം നിലനിർത്തുന്നതിനും പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുമായി കേരളാ പോലീസ് ആക്റ്റിലെ 78, 79 വകുപ്പുകൾ പ്രകാരം അക്രമങ്ങൾ തടയുന്നതിനും പൊതുസമ്മേളനങ്ങൾ, പ്രകടനങ്ങൾ എന്നിവ നിരോധിച്ചുകൊണ്ട് ഉത്തരവാകുന്നു.

1). കേരളാ പോലീസ് ആക്റ്റ് വകുപ്പ് 78, ഉപവകുപ്പ് എ പ്രകാരം നശീകരണ വസ്തുക്കളോ, സ്ഫോടക വസ്തുക്കളോ, വെടിമരുന്നുകളോ, കല്ലുകളോ ആക്രമണത്തിനുപയോഗിക്കുവാൻ കഴിയുന്ന ഏതെങ്കിലും ആയുധങ്ങളോ മറ്റേതെങ്കിലും വസ്തുക്കളോ തയ്യാറാക്കുന്നതോ, ശേഖരിയ്ക്കുകയോ കൊണ്ടുപോവുകയോ ചെയ്യാൻ പാടുള്ളതല്ല.

2). കേരളാ പോലീസ് ആക്റ്റ് വകുപ്പ് 78, ഉപവകുപ്പ് സി പ്രകാരം സാമുദായികമോ മതപരമോ ആയ വികാരം ആളികത്തിയ്ക്കുന്നതോ സദാചാരത്തിൻെറ പൊതു നിലവാരത്തെ ധ്വംസിയ്ക്കുന്നതോ, പൊതു സമാധാനത്തെ ഗുരുതരമായി ബാധിയ്ക്കുന്നതോ രാഷ്ട്രത്തിൻെറ സുരക്ഷ അപായപ്പെടുത്തുന്നതോ ആയ ചിത്രങ്ങൾ, ചിഹ്നങ്ങൾ, പ്ലക്കാർഡുകൾ, അച്ചടിച്ച കടലാസുകൾ, ലഘു ലേഖകൾ, പുസ്തകങ്ങൾ,

ഓഡിയോ/വീഡിയോ റിക്കാർഡിംഗുകൾ ഡിജിറ്റൽ റിക്കാർഡുകൾ, പോസ്റ്ററുകൾ, ബാനറുകൾ, സോഷ്യൽ മീഡിയ വഴി തയ്യാറാക്കുന്നതോ പ്രദർശിപ്പിക്കുന്നതോ പ്രതിനിധീകരിയ്ക്കുന്നതോ, വിതരണം ചെയ്യുന്നതോ പ്രചരിപ്പിക്കുന്നതുമായ യാതൊരു നടപടികളും ഉണ്ടാകാൻ പാടുള്ളതല്ല.

3). കേരളാ പോലീസ് ആക്റ്റ് വകുപ്പ് 79, ഉപവകുപ്പ് 4 പ്രകാരം കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ പ്രകടനങ്ങൾ പൊതുസമ്മേളനങ്ങൾ, റാലികൾ, മാർച്ച് എന്നിവ നടത്തുന്നത് നിരോധിച്ച് ഉത്തരവാകുന്നു.

കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ നിലവിലെ രാഷ്ട്രീയ, സാമുദായിക ക്രമസമാധാന ലംഘന പ്രശ്നങ്ങൾ മുൻനിർത്തി പൊതുസമാധാനവും പൊതുജന സുരക്ഷയും സംരക്ഷിയ്ക്കേണ്ടത് അത്യാവശ്യമാണെന്ന് എനിയ്ക്ക് ഉത്തമ ബോധ്യം വന്നതിനാൽ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവി ആയ എസ്. കാളിരാജ് മഹേഷ് കുമാർ ഐ.പി.എസ്. എന്ന ഞാൻ കേരളാ പോലീസ് ആക്റ്റിലെ 78, 79 എന്നീ വകുപ്പ് പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് ഇന്ന് 18.04.2018 തിയ്യതി 18.00 മണി മുതൽ ഏഴ് ദിവസത്തേയ്ക്ക് കോഴിക്കോട് സിറ്റി പോലീസ് പരിധിയിൽ പ്രകടനങ്ങളോ, റാലിയോ, പൊതുയോഗങ്ങളോ നടത്തുന്നത് ഇതിനാൽ നിരോധിച്ച് ഉത്തരവാകുന്നു.

18/4/18

എസ്. കാളിരാജ് മഹേഷ് കുമാർ. ഐ.പി.എസ്.
ജില്ലാ പോലീസ് മേധാവി,
കോഴിക്കോട് സിറ്റി.

OFFICE OF THE DISTRICT POLICE CHIEF
KOZHIKODE CITY
Date:..........